പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2454

09/07/2015 ൽ മറുപടിക്ക്

## ആരോഗ്യ കായിക പഠനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ എൻ.എ. നെല്ലിക്കുന്ന്** | **ശ്രീ. പി.കെ. അബ്ദു റബ്ബ്**<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ആരോഗ്യ കായിക പഠനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | എ) ഒന്നു മുതൽ നാലാം ക്ലാസ്സുവരെ ആരോഗ്യ കായിക പഠനം മറ്റു വിഷയങ്ങളുമായി സംയോജിപ്പിച്ച് പഠിപ്പിക്കുന്നുണ്ട്. 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ കുട്ടികൾക്കായി പ്രത്യേകം ആക്റ്റിവിറ്റി ബുക്കും അദ്ധ്യാപകർക്ക് ടീച്ചർ ടെക്സ്റ്റും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 5, 6, 7, 8 ക്ലാസ്സുകളിലെ ആക്റ്റിവിറ്റി ബുക്കും ടീച്ചർ ടെക്സ്റ്റും തയ്യാറാക്കി അച്ചടിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ മാറിയ പശ്ചാത്തലത്തിൽ കായിക അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. |
| ബി) പുതുതായി ടൈംടേബിൾ പരിഷ്കരണത്തിൽ കായിക പഠനത്തിന് ആവശ്യമായ പിരീഡ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല. |
| സി) കലാ കായിക പഠനത്തിന് കൂടുതൽ പിരീഡ് ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | സി) കലാ കായിക പഠനത്തിന് നിലവിൽ ആവശ്യത്തിന് പിരീഡുകൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ